'ഭരണഭാഷ - മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തസ്വഭവ - മലപ്പുറം ജില്ല - അമരമ്പലം ഗ്രാമപഞ്ചായത്ത് - കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേക്ക് കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ പക്കലുള്ള ഡെപ്പോസിറ്റ് തുകയിൽ അവശേഷിച്ച തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1412/2019/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 08/07/2019

---

പരാമർശം : അമരമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06/05/2019 ലെ എ3-270/19 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ 2016-17, 2017-18 വർഷങ്ങളിൽ നിക്ഷേപിച്ച തുകയിൽ പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം വാട്ടർ അതോറിറ്റിയുടെ പക്കലുള്ള സേവിംഗ്സ് തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം നേരിടുന്ന മറ്റ് പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്രം അനുസരിച്ചുള്ള 6,33,072/- രൂപ ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം അമരമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അമരമ്പലം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേക്ക് കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിന്, കേരള വാട്ടർ അതോറിറ്റിയിൽ മുൻ വർഷങ്ങളിൽ നിക്ഷേപിച്ച തുകയിൽ പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം വാട്ടർ അതോറിറ്റിയുടെ പക്കൽ ഡെപ്പോസിറ്റ് തുകയിൽ അവശേഷിച്ച തുകയായ 6,33,072/- രൂപ (ആറ് ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി എഴുപത്തി രണ്ട് രൂപ മാത്രം) വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ വി

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

പ്രസിഡന്റ്/സെക്രട്ടറി, അമരമ്പലം ഗ്രാമപഞ്ചായത്ത്, പൂക്കോട്ടുപാടം പി.ഒ, മലപ്പുറം -679332.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Remedia

സെക്ഷൻ ഓഫീസർ